# മന്ത്രാക്ഷരം

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***)

മുഖപേശിയിലെ
ആളൊഴിഞ്ഞ മുക്കിൽ –
ഫേസ്ബുക്കിലെ
ബ്ലേങ്ക് കോളത്തിൽ –
പ്രബോധനം ഇതാവിത്:
“ഇപ്പോൾ നിങ്ങളുടെ
മനസ്സിലെന്താണ്?”

പൂജാമുറിയിലെ
പാർശ്വത്തിൽ
“ഓം” എന്ന്
ത്രിസ്ഥായിയിൽ
ഉരുവിടും ധ്വനി —
ഉള്ളിൽ
മിന്നിമറയും
സങ്കേതങ്ങളുടെ
സങ്കീർണ്ണ
സങ്കലനപ്പെരുക്കം:
ഭൗതികശാസ്ത്ര-
“ഓംസ്”നിയമം.

യാന്ത്രികവിരൽ
കീബോർഡിൽ
തന്ത്രംമെനയും —
അക്ഷരമാലാന്ത്യത്തിൽ
അവസാനവാക്കി-
ന്റാരംഭമായ്
ഏകകധ്വനിയിൽ
“ഒമേഗ”***യിലൊളിക്കും
“ദ ഗ്രീക്ക് ഓം!”

******************************************

[***]OMega